"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ ജീവനക്കാര്യം - തിരുവനന്തപുരം വാവോട് എച്ച്.എസ്. ലെ എച്ച്.എസ്.ടി. (പി.എസ്) ശ്രീമതി സിന്ധു എസ്.ബി യ്ക്ക് പലിശരഹിത ചികിത്സാ വായ്പ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.717/2026/GEDN തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. തിരുവനന്തപുരം വാവോട് എച്ച്.എസ്. ലെ എച്ച്.എസ്.ടി. (പി.എസ്) ശ്രീമതി സിന്ധു എസ്.ബി. യുടെ 30.12.2025 ലെ അപേക്ഷ.
2. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ആശുപത്രിയിൽ നിന്നുള്ള 26.12.2025 ലെ എക്സ്പെൻഡീച്ചർ സർട്ടിഫിക്കറ്റ്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07.01.2026 ലെ ഡി.ജി.ഇ/353/2026-ആർ 6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം വാവോട് എച്ച്.എസ്. ലെ എച്ച്.എസ്.ടി. (പി.എസ്) ശ്രീമതി സിന്ധു എസ്.ബി. യുടെ ഭർത്താവിന്റെ ചികിത്സ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ആശുപത്രിയിൽ നടത്തുന്നതിലേക്കായി 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സാ വായ്പയ്ക്കായി അനുവദിക്കുന്നതിനായി പരാമർശം 3 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേനെ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി ചികിത്സയ്ക്കായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ആശുപത്രിയിൽ നിന്നുള്ള 5,00,000/-രൂപയുടെ (അഞ്ച് ലക്ഷം രൂപ മാത്രം) എക്സ്പെൻഡീച്ചർ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ വാവോട് എച്ച്.എസ്. ലെ എച്ച്.എസ്.ടി. (പി.എസ്.) ശ്രീമതി സിന്ധു എസ്.ബി. (പെൻ നമ്പർ 919935 , ജനന തീയതി 08.05.1983) യുടെ ഭർത്താവിന്റെ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ആശുപത്രിയിലെ (Carcinoma Small Intestine)(CRS+HIPEC) ചികിത്സയ്ക്കായി, 5,00,000/-രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പയായി സ.ഉ.(അച്ചടി)നം.100/2024/ധന, തീയതി.22.11.2024 (ഖണ്ഡിക-iii) പ്രകാരവും ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02) "എന്ന ശീർഷകത്തിൽ (2025-2026

സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 5,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീമതി സിന്ധു എസ്.ബി. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പതുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കാവുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 6 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷക ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 9 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

4. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.  കൂടാതെ പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. സിന്ധു എസ്.ബി. എച്ച്.എസ്.ടി. (പി.എസ്), വാവോട് എച്ച്.എസ്., തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര.
പ്രധമാധ്യാപിക, വാവോട് എച്ച്.എസ്., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി കാട്ടാക്കട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (അനൗദ്യോഗിക കത്ത് നം.ജി2/7/2026/H&FWD തീയതി 17/01/2026)
ധനകാര്യ (ലോൺസ്) വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.3389597/ലോൺസ്-എൽ3/6/2026-ഫിൻ തീയതി 22/01/2026)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/3/2026/പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 24-01-2026 16:35:17

സെക്ഷൻ ഓഫീസർ